## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 2822 02.04.2013- ൽ മറുപടി നൽകേണ്ടിയിരുന്നത്

### പാലക്കാട് ജില്ലയിലെ വരൾച്ചാ ദുരിതാശ്വാസം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ഹംസ | ശ്രീ. അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പു മന്ത്രി) |
| സംസ്ഥാനത്തെ ഏറ്റവും കൂടുതൽ വേനൽക്കെടുതികൾ അനുഭവിച്ചു വരുന്ന ജില്ലയാണ് പാലക്കാട് ജില്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിലുണ്ടോ; ഉണ്ടെങ്കിൽ പാലക്കാട് ജില്ലയ്ക്കായി എന്തെല്ലാം പ്രോജക്ടുകൾ ആണ് വേനൽക്കെടുതിയിൽ നിന്നും രക്ഷിക്കാനായി റവന്യൂ വകുപ്പ് പ്രത്യേകമായി നടപ്പിലാക്കിയത് എന്ന് വിശദീകരിക്കുമോ ? | സംസ്ഥാനത്ത് ഏറ്റവും കൂടുതൽ വേനൽക്കെടുതികൾ അനുഭവിച്ചു വരുന്ന ജില്ലകളിലൊന്നാണ് പാലക്കാട്. പാലക്കാട് ജില്ലയ്ക്ക് വരൾച്ചക്കെടുതികൾ നേരിടുന്നതിന് 9.26 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഓരോ ജില്ലയുടെയും പ്രത്യേകതകൾക്ക് അനുസൃതമായി വരൾച്ച നേരിടുന്നതിന് വേണ്ട കർമ്മ പദ്ധതി രൂപീകരിക്കാൻ ഓരോ മന്ത്രിമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ജനപ്രതിനിധികളെയും ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി ജില്ലാ തല യോഗം ചേർന്ന് അതാത് ജില്ലകളുടെ പ്രത്യേകതകൾക്കനുസൃതമായ വരൾച്ച ദുരിതാശ്വാസ /കുടിവെള്ള വിതരണ പ്രവർത്തനങ്ങൾക്ക് ജില്ലാ തലത്തിൽ അനുമതി നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ